(സി) ചെറുന്നിയൂർ പഞ്ചായത്തിൽ അനുവദിച്ച മാവേലിസ്റ്റോർ പഞ്ചായത്ത് നിർദ്ദേശിച്ച കെട്ടിടത്തിൽ ആരംഭിക്കാതെ മറ്റൊരു കെട്ടിടത്തിൽ ആരംഭിക്കാൻ പോകുന്നതായി ആരോപിച്ച് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പഞ്ചായത്ത് നിർദ്ദേശിക്കുന്ന കെട്ടിടത്തിൽ തന്നെ മാവേലിസ്റ്റോർ ആരംഭിക്കാൻ ഉത്തരവ് നൽകുമോ ?

ഉത്തരം

(എ) വർക്കല നിയോജകമണ്ഡലത്തിൽ ഇപ്പോൾ 6 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പാളയംകുന്ന് മാവേലിസ്റ്റോർ ഇപ്പോൾ സ്ഥിതിചെയ്യുന്നത് ചെമ്മരുതി പഞ്ചായത്ത് പരിധിയിലാണ്. ഇലകമൺ പഞ്ചായത്തിൽ ഇപ്പോൾ മാവേലിസ്റ്റോർ ഇല്ല. ഓരോ പഞ്ചായത്തിലും ഓരോ മാവേലി സ്റ്റോർ എന്ന സർക്കാർ തീരുമാനമനുസരിച്ച് ഇലകമൺ പഞ്ചായത്തിൽ മാവേലിസ്റ്റോർ തുടങ്ങാനാണ് ഇപ്പോൾ നടപടി സ്വീകരിച്ചിട്ടുള്ളത്.

(സി&ഡി) പഞ്ചായത്ത് വാടകയ്ക്ക് എടുത്തിട്ടുള്ള കെട്ടിടത്തിൽ തന്നെ മാവേലിസ്റ്റോർ ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനം ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മിനറൽ വാട്ടറിന്റെ ഉപയോഗം

184 (186) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിനറൽ വാട്ടറിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മിനറൽ വാട്ടറിന് ആവശ്യം വേണ്ട ഗുണമേന്മ ഉറപ്പുവരുത്തുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ ഗുണമേന്മ പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആർക്കാണ് ഇതിന് അധികാരം നൽകിയിരിക്കുന്നത് ;

(ഡി) മിനറൽവാട്ടറിൽ അടങ്ങിയിരിക്കേണ്ട ഗുണമേന്മ, ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഇ) മിനറൽ വാട്ടറിന് ഏകീകൃതവില ഈടാക്കുന്നതിനും അമിതവില ഈടാക്കുന്നത് തടയുവാനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന കാര്യങ്ങൾ ചോദ്യത്തിൽ അടങ്ങിയിരിക്കുന്നതുകൊണ്ട് വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

അയിരൂർ പഞ്ചായത്തിൽ മൃഗാശുപത്രി സ്ഥാപിക്കുന്നതിന് നടപടി

185 (187) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള നിയോജക മണ്ഡലത്തിലെ അയിരൂർ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) ഇതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കുവാൻ പത്തനംതിട്ട ജില്ലാ വെറ്ററിനറി ആഫീസർക്ക് നിർദ്ദേശം നൽകുമോ ;

(സി) ഇതിനായി 2001-2002-ലെ ബഡ്ജറ്റിൽ ആവശ്യമായ തുക വകകൊള്ളിക്കുമോ ?

ഉത്തരം

(എ-സി) ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നപക്ഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

താൽക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

186 (188) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിന്റെ തിരുവനന്തപുരം ജില്ലയിലെ സബ്സെന്ററുകളിൽ കാഷ്വൽ പാർട്ട്-ടൈം ജീവനക്കാരായി വർഷങ്ങളായി ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് ലഭിച്ച നിവേദനങ്ങളിൻമേൽ എന്ത് നടപടി സ്വീകരിച്ചുഎന്ന് വ്യക്തമാക്കാമോ ;

(സി) ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച തീരുമാനം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) നിവേദനങ്ങൾ പരിശോധിക്കുകയും സ്ഥിരപ്പെടുത്താൻ നിർവ്വാഹമില്ലെന്നു ബോദ്ധ്യപ്പെടുകയും ചെയ്തു. ഈ വിവരം ഹർജി നൽകിയവരെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly